# പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1376 03.12.2015 -ൽ മറുപടിക്ക്**

## കെ.എസ്.റ്റി.പി രണ്ടാം ഘട്ടം

| ചോദ്യം | ഉത്തരം |
| --- | --- |
| **ശ്രീ.കെ.ശിവദാസൻ നായർ**<br>**,, തേറമ്പിൽ രാമകൃഷ്ണൻ**<br>**,, സി.പി.മുഹമ്മദ്**<br>**,, ഹൈബി ഈഡൻ** | **ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ്**<br>**(പൊതുമരാമത്ത് വകുപ്പുമന്ത്രി)** |
| (എ) സംസ്ഥാനത്ത് കെ.എസ്. റ്റി.പി, രണ്ടാം ഘട്ടം പദ്ധതി ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ ; | (എ) ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതി പ്രകാരം താഴെ പറയുന്ന പ്രവൃത്തികളാണ് പുരോഗമിക്കുന്നത്.<br><br>**പാക്കേജ് I :** കാസർഗോഡ് - കാഞ്ഞങ്ങാട് റോഡ് (കി.മീ 0/000 മുതൽ 27/780 വരെ)<br>**പാക്കേജ് II :** പിലാത്തറ – പാപ്പിനിശ്ശേരി റോഡ് (കി.മീ 0/000 മുതൽ 20/900 വരെ)<br>**പാക്കേജ് III A&B :** തലശ്ശേരി - വളവുപാറ റോഡ് (കി.മീ (1/200 മുതൽ 55/200 വരെ)<br>**പാക്കേജ് IV A :** ചെങ്ങന്നൂർ - ഏറ്റുമാനൂർ റോഡ് (കി.മീ 0/000 മുതൽ 47/700 വരെ)<br>**പാക്കേജ് IV B :** തിരുവല്ല ബൈപ്പാസ് റോഡ് (കി.മീ 7/390 മുതൽ 9/400 വരെ)<br>**പാക്കേജ് V :** ഏറ്റുമാനൂർ - മൂവാറ്റുപുഴ റോഡ് (കി.മീ 0/000 മുതൽ 40/960 വരെ)<br>**പാക്കേജ് VI :** പൊൻകുന്നം - തൊടുപുഴ റോഡ് (കി.മീ 84/00 മുതൽ 130/363 വരെ)<br>**പാക്കേജ് VII :** പുനലൂർ - പൊൻകുന്നം റോഡിന്റെ പണി പൊതു സ്വകാര്യ പങ്കാളിത്തത്തോടെ നടപ്പിലാക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നു.<br>**പാക്കേജ് VIII :** പെരുമ്പിലാവ് - പെരിന്തൽമണ്ണ റോഡിന്റെ വികസനത്തിനായി |

| | | |
|---|---|---|
| | | പുതിയ LA Act പ്രകാരം ഭൂമി ഏറ്റെടുക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചു വരുന്നു. ഈ റോഡിന്റെ പെരിമ്പിലാവ് മുതൽ മേലെ പട്ടാമ്പി വരെയുള്ള റോഡ് BC ഓവർലേ ചെയ്യുന്നതിനുള്ള ടെണ്ടർ നടപടികളും നടന്നു വരുന്നു. |
| (ബി) | എന്തെല്ലാം ഉദ്ദേശ്യ ലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ; | (ബി) നിലവിലുള്ള റോഡിന്റെ വീതി കൂട്ടി ബലപ്പെടുത്തിയും വളവുകൾ കുറച്ചും പാലങ്ങൾ, കലുങ്കുകൾ, ബസ്ബേ, പാർക്കിംഗ് ഏരിയ എന്നിവ നിർമ്മിക്കുകയും റോഡ് സുരക്ഷാ സംവിധാനങ്ങൾ ഏർപ്പെടുത്തുകയുമാണ് ഈ പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ. |
| (സി) | ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ? | (സി) ഈ പദ്ധതിയ്ക്ക് സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ 2403 കോടി രൂപയുടെ പദ്ധതിയ്ക്ക് ലോക ബാങ്ക് ധനസഹായം ഉറപ്പാക്കുകയും ചെയ്തു. 19.06.2013 ൽ കരാർ ഏർപ്പെട്ട് നിർമ്മാണ പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ